കൾ ആലോചിച്ചുവരുന്നു. ഇതിനു വേണ്ട പട്ടാളക്കാരെ ഈജിപ്ത് കൊടുക്കും. അറബ് രാജ്യങ്ങളിൽ എവിടേയും, ആവശ്യാനുസരണം, ഈ പട്ടാളത്തെ ഉപയോഗിക്കാം. വേണ്ടത്ര ആയുധങ്ങളും, വിമാനസഹായവും കപ്പൽസഹായവും അടക്കം മറ്റു സഹായങ്ങളും ഈ പട്ടാളത്തിന് അമേരിക്ക നൽകണമെന്നും, ഇസ്രായേലുമായി ഈജിപ്ത് സന്ധി ചെയ്തതിനെത്തുടർന്ന് ഈജിപ്തിനോടുള്ള നയതന്ത്രബന്ധങ്ങൾ വിച്ഛേദിച്ച അറബിരാജ്യങ്ങൾ ആ ബന്ധങ്ങൾ പുനഃസ്ഥാപിക്കണമെന്നും രണ്ട് നിബന്ധനകളാണത്രെ, ഇങ്ങനെയൊരു സൈന്യം രൂപവല്കരിക്കുന്നതിന് ഈജിപ്ത് മുന്നോട്ടുവെച്ചിട്ടുള്ളത്.

ആകെക്കൂടി, മധ്യപൗരസ്ത്യപ്രദേശത്തിലെ രാജ്യങ്ങൾ തമ്മിലുള്ള ബന്ധുത്വവും ശത്രുത്വവും വ്യവച്ഛേദിച്ച് അറിയുക പ്രയാസമായിത്തീർന്നിരിക്കുന്നു.

പേഴ്സ്യൻ ഗൾഫിൽ വളർന്നുവരുന്ന ഈ സംഘർഷം അമേരിക്കയും സോവ്യററ്യൂണിയനും തമ്മിൽ നേരിട്ടുള്ള ഒരേററുമുട്ടലിലേക്കു നയിച്ചുകൂടായ്കയില്ല.

ഇവരുടെയൊക്കെ കണ്ണ് മധ്യപൗരസ്ത്യദേശത്തിലെ മണൽപ്പരപ്പിന്നടിയിലുള്ള എണ്ണനിക്ഷേപത്തിലാണ്. സൗദി അറേബ്യ ഇപ്പോൾ ഓരോ ദിവസവും അറുപത്തഞ്ചു ലക്ഷം ബാരൽ എണ്ണ ചാമ്പിയെടുക്കുന്നുണ്ട്. ഈ എണ്ണയുടെ അളവ് ദിവസേന ഒന്നരക്കോടി ബാരൽവരെ ഉയർത്താൻ കഴിയും. ഇറാൻ, ഇറാക്ക്, കുവെയ്ത്ത് എന്നിവിടങ്ങളിൽനിന്ന് ഇപ്പോൾ ദിവസേന നാല്പതു ലക്ഷം ബാരൽ എണ്ണ കിട്ടുന്നു. ഈ ഉല്പാദനവും വലിയ അളവിൽ വർധിപ്പിക്കാൻ സാധിക്കും.

പാശ്ചാത്യ വ്യാവസായികസഭ്യതയുടെ ജീവജലം എണ്ണയാണ്.

ഈ എണ്ണയിൽ ഇപ്പോൾ തീ പിടിച്ചിരിക്കുന്നു!

2 ആഗസ്റ്റ്, 1982

# 6. ലെബനോൺ യുദ്ധം

ജൂൺ ആദ്യവാരത്തിൽ ലെബനോണിനെതിരെ കരയിലൂടെയും കടലിലൂടെയും ആകാശത്തിലൂടെയും കടുത്ത ആക്രമണം ആരംഭിച്ച ഇസ്രായേൽ സൈന്യം, ആ അയൽരാജ്യത്തിന്റെ തെക്കേ പകുതി കീഴടക്കി. ഏതാണ്ട് മദ്ധ്യഭാഗത്തിലുള്ള ബെയ്റൂട്ടുനഗരം വളഞ്ഞുനില്ക്കുകയാണ് ഇപ്പോൾ. അടിമുതൽ മുടിവരെ ആയുധവല്കരിച്ച ഒരു രാജ്യമാണ് ഇസ്രായേൽ. അവിടുത്തെ എല്ലാ പൗരന്മാരും 'പൗരി'മാരും പട്ടാളപരിശീലനം നേടിയിട്ടുള്ളവരാണ്. അത്യാധുനികങ്ങളായ അമേരിക്കൻ ആയുധങ്ങൾ അവർക്കു വേണ്ടുവോളമുണ്ട്.

ലെബനോണിനു പറയത്തക്ക സൈന്യശക്തിയൊന്നുമില്ല. ഇസ്രായേലിനെ ചെറുത്തു നില്ക്കണമെന്ന ആഗ്രഹവും, ചെറുത്തുനില്ക്കാമെന്ന പ്രതീക്ഷയും, ആ രാജ്യത്തിനില്ല. മുസ്ലിങ്ങളേക്കാൾ അധികം ക്രിസ്ത്യാനികളാണ് ലെബനോണിലെന്നു കരുതപ്പെടുന്നു (അറുപതു ശതമാനം). ലെബനോണിൽ ഒരു ക്രിസ്ത്യൻരാജ്യം സ്ഥാപിക്കുകയാണു തങ്ങളുടെ ആത്യന്തികലക്ഷ്യമെന്ന് ഇസ്രായേലിന്റെ നേതാക്കൾ പലകുറി പ്രഖ്യാപിച്ചിട്ടുണ്ട്. അതിനാൽ, ലെബനോൺ ജനത പൊതുവെ ഇസ്രായേലിന് എതിരല്ല. ലെബനോണിലെ ക്രിസ്ത്യാനികളിൽ വലിയ ഒരു വിഭാഗം 'ഫലാഞ്ജ്' എന്ന പേരിൽ, ഏറെക്കുറെ

ഫാസിസ്റ്റ്മട്ടിൽ, സംഘടിച്ചിരിക്കുകയാണ്. ഇവരുടെ നേതാവായ ഗെമായേലിന്റെ കീഴിൽ ലെബനോണിൽ ഒരു ഗവണ്മെൻറുണ്ടാക്കാനാണ് ഇപ്പോൾ ഇസ്രായേൽ ശ്രമിക്കുന്നത്. ഇസ്രായേലിനു പരസ്യമായിത്തന്നെ പിന്തുണ നൽകുന്ന അമേരിക്കയ്ക്കും ഇതിൽ എതിർപ്പുള്ളതായി തോന്നുന്നില്ല.

ഒരു ലക്ഷത്തിലധികം ഇസ്രായേൽ ഭടന്മാർ ലെബനോൺ ആക്രമണത്തിൽ പങ്കെടുക്കുന്നുണ്ട്. 'ആക്രമണങ്ങൾ ആകാശത്തുനിന്നും കരയിൽനിന്നും കടലിൽനിന്നും വന്നു. നിർദാക്ഷിണ്യമായി, നാൾക്കുനാൾ, ഇസ്രായേലി സൈന്യം ലെബനോണിൽ വിനാശം വർഷിച്ചു....' 'ടൈം' വാരിക (ജൂലായ് 5) എഴുതി. അമേരിക്കൻ വിമാനങ്ങളിൽ അലകളായി വന്ന് ഇസ്രായേലി സൈന്യം ലെബനോണിൽ അമേരിക്കൻ ബോംബുകൾ ചൊരിഞ്ഞു. പത്തു ലക്ഷത്തിലധികം നിരപരാധികൾ ലെബനോണിൽ കൊല്ലപ്പെടുകയോ, നിരാശ്രയരായിത്തീരുകയോ ഉണ്ടായിട്ടുണ്ടെന്ന് 'ഹിന്ദുപത്രം' (ജൂലായ് 1) പ്രസ്താവിച്ചിട്ടുണ്ട്.

ലെബനോണിൽ കുറെയധികം പാലസ്തീൻ അഭയാർത്ഥികളുണ്ട്. പാലസ്തീൻ ഒരു കാലത്ത് യഹൂദരുടെ രാജ്യമായിരുന്നു. ഈജിപ്തിൽ അടിമകളായിരുന്ന യഹൂദർക്ക് യഹോവയായ ദൈവം കനിഞ്ഞരുളിയ വാഗ്ദത്തഭൂമിയാണ് പാലസ്തീൻ. 'ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത'യായിരുന്നു യഹൂദർ. എന്നാൽ, യഹൂദർക്കു പാലസ്തീനിൽ നീണാൾ വാണരുളാൻ കഴിഞ്ഞില്ല. ക്രിസ്തുവർഷം 137—നു ശേഷം റോമക്കാർ അവരെ പാലസ്തീനിൽനിന്നു പുറംതള്ളി. അവർ ലോകത്തിലെങ്ങും പരന്നു. വർഗപരവും മതപരവുമായ വിവേചനത്തിനും മർദനത്തിനും യഹൂദർ വിധേയരായി. യഹൂദജനതയെ എന്നെന്നേക്കുമായി നശിപ്പിക്കുന്നതിനുള്ള ഒരു പരിപാടി ഹിറ്റ്ലർ ആവിഷ്കരിക്കുകയും, ഭാഗികമായി അതു നടപ്പിലാക്കുകയും ചെയ്തു. ഹിറ്റ്ലറുടെ നടപടികൾ യഹൂദജനതയ്ക്കു ലോകത്തിന്റെ മുഴുവൻ സഹാനുഭൂതി നേടിക്കൊടുത്തു. തങ്ങൾക്ക് പാലസ്തീനിൽ സ്വന്തമായ ഒരു രാഷ്ട്രം വേണമെന്ന യഹൂദരുടെ വാദം ഐക്യരാഷ്ട്രസമിതി അംഗീകരിച്ചത് ഈ പശ്ചാത്തലത്തിലാണ്. പക്ഷേ, ഈ കാലമത്രയും പാലസ്തീൻ തരിശായി കിടക്കുകയായിരുന്നില്ല. അറബിവർഗങ്ങളിൽപ്പെട്ട മുസ്ലിങ്ങൾ ആ നഗരത്തിലും ചുറ്റുപാടും തിങ്ങിപ്പാർത്തിരുന്നു. ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ 1947-ൽ പാലസ്തീൻ രണ്ടായി പങ്കിട്ടു. ഒരു ഭാഗത്തുനിന്ന് അവിടെ എത്രയോ കാലമായി പാർത്തുവന്നിരുന്ന അറബികളെ നിർബന്ധിച്ചുമാറ്റി. അവിടെ യഹൂദന്മാരെ പാർപ്പിച്ചു. ഈ പ്രദേശമാണ് 1948-ൽ 'ഇസ്രായേൽ' എന്ന് അറിയപ്പെട്ടത്.

യഹൂദന്മാർ പക്ഷേ, ഈ പരിമിതമായ ഭൂപ്രദേശംകൊണ്ടു തൃപ്തരായില്ല. കൈയേറ്റത്തിന്റെയും വെട്ടിപ്പിടുത്തത്തിന്റെയുമായ, രക്തപങ്കിലമായ ഒരു ചരിത്രമാണ് ഇക്കഴിഞ്ഞ 34 വർഷങ്ങളിൽ ഇസ്രായേലിനുള്ളത്. 1948-ൽനിന്ന് ഇസ്രായേൽ പ്രദേശത്തിന്റെ വിസ്താരം 1982-ൽ എത്രയോ ഇരട്ടിയായിട്ടുണ്ട്. ഭൂവിസ്തൃതിക്കു വേണ്ടിയുള്ള ഇസ്രായേലിന്റെ സമരം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്. ലെബനോണിൽ നടക്കുന്നത് ഈ സമരത്തിലെ ഒരു യുദ്ധമാകുന്നു.

പാലസ്തീൻ പകുത്ത്, ഒരു പങ്ക് യഹൂദന്മാർക്കു കൊടുത്തപ്പോൾ, ആ പ്രദേശത്തുനിന്നു വളരെയധികം അറബികൾ പുറന്തള്ളപ്പെട്ടുവെന്നു പറഞ്ഞുവല്ലോ. വെട്ടിപ്പിടുത്തത്തിന്റെ പാതയിലൂടെ ഇസ്രായേൽ മുന്നേറിയപ്പോഴും എത്രയോ അറബികൾക്കു തങ്ങളുടെ പാർപ്പിടങ്ങൾ വിട്ടുപോകേണ്ടിവന്നു. ഈ അറബി-പാലസ്തീൻകാർ ചുറ്റുമുള്ള പല രാജ്യങ്ങളിലും അഭയാർത്ഥികേന്ദ്രങ്ങളിലും തമ്പുകളിലും മറ്റുമായി പ്രയാസജീവിതം തുട

രുകയാണ്. പാലസ്തീനിൽ തങ്ങൾക്ക് അവകാശപ്പെട്ട ഭൂമിയിലേക്ക തിരിച്ചുപോകാനാണ് ഇവർ ആഗ്രഹിക്കുന്നത്. ഈ പാലസ്തീൻ അഭയാർത്ഥികളുടെ സൈനികസംഘടനയാണ് 'പാലസ്തീൻ വിമോചന മുന്നണി' (പി. എൽ. ഒ ). ഇതിൻെറ നേതാവത്രെ യാസിർ അരാഫത്ത്. യോഗ്യനും ബുദ്ധിമാനുമായ അരാഫത്തിൻെറ നേതൃത്വത്തിൻകീഴിൽ, സ്വന്തം അതിർത്തിക്ക പുറത്തു പ്രവർത്തിക്കുന്ന ഒരു സർക്കാരിൻെറ അന്തസ്സ് പാലസ്തീൻ വിമോചനമുന്നണിക്ക കൈവന്നിട്ടുണ്ട്.

പാലസ്തീൻ അഭയാർത്ഥികളിൽ പല വിഭാഗക്കാരുമുണ്ട്. നിയമവിധേയ മാർഗങ്ങളിലൂടെ സ്വന്തം മാതൃഭൂമി തിരികെ നേടാൻ കഴിയുമെന്ന വിശ്വസിക്കുന്നവരാണ ചിലർ. പക്ഷേ, ഈ വിശ്വാസം പുലർത്താത്ത ഒട്ടുവളരെ പാലസ്തീൻകാരുണ്ട്. ഭീകരപ്രവർത്തനങ്ങളിലാണ് അവർക്ക വിശ്വാസം. ഇസ്രായേലിൻെറ അതിർത്തികൾക്കടുത്തു പാർത്തു് ഇവർ പലപ്പോഴും ഇസ്രായേലിലേക്ക വെടിവെയ്ക്കുകയും, അവിടെ ബോംബു പൊട്ടിക്കുകയും മററും ചെയ്തുവരുന്നു. തങ്ങളുടെ വടക്കേ അതിർത്തിയിൽ, ലെബനോണിൽ, നാല്പതു മൈൽ വീതിയിലുള്ള സ്ഥലത്തുനിന്ന് പാലസ്തീൻ അഭയാർത്ഥികളെ തുടച്ചുനീക്കി, അവിടെ ഒരു നിസ്സൈനികമേഖലയോ അന്താരാഷ്ട്രീയ സൈന്യമേഖലയോ ഉണ്ടാക്കുന്നതു് ഇസ്രായേലിൻെറ രക്ഷയ്ക്കു് അനുപേക്ഷണീയമാണെന്ന പറഞ്ഞാണ് ഇത്തവണ ഇസ്രായേൽ ലെബനോണിൽ ആക്രമണം തുടങ്ങിയതു്. ഇപ്പോൾ ഇസ്രായേലിൻെറ യുദ്ധലക്ഷ്യം മറെറാന്നാണ്. പാലസ്തീൻ വിമോചന മുന്നണിയെ എന്നെന്നേക്കുമായി നശിപ്പിക്കുക. ബെയ്റൂട്ടിൽ ആറായിരത്തോളം പി. എൽ. ഒ. ക്കാരും അവരുടെ നേതാവായ യാസിർ അരാഫത്തും ഉണ്ട്. ഇവർ ആയുധം വെച്ചു കീഴടങ്ങി, ബെയ്റൂട്ട് വിട്ടുപോകണമെന്നാണ് ഇപ്പോൾ ഇസ്രായേൽ ആവശ്യപ്പെടുന്നതു്.

ലെബനോണിൽ ഇസ്രായേൽ സൈന്യത്തെ എതിർക്കുന്നതു മുഖ്യമായും പി. എൽ. ഒ. ക്കാരാണ്. തൊട്ടടുത്ത സിറിയയുടെ ഏതാനും സൈന്യങ്ങളും ലെബനോണിലുണ്ട്. യുദ്ധം തുടങ്ങിയപ്പോൾ കുറേയേറെ സിറിയൻ സൈന്യങ്ങൾ ലെബനോണിലേക്ക കടന്നിട്ടുമുണ്ട്. സിറിയയ്ക്കു് ആയുധം നൽകുന്നതു് സോവ്യററ് യൂണിയനാണ്. വിമാനം നശിപ്പിക്കുന്നതിനു നിലത്തുനിന്നു പ്രയോഗിക്കുന്ന എസ്. എൻ. എന്ന റഷ്യൻ മിസ്സൈലുകളുടെ ഒരു നിരതന്നെ ലെബനോണിലെ ബെകാ താഴ്വര എന്ന സ്ഥലത്തു് സിറിയക്കാർ സ്ഥാപിച്ചിരുന്നു. ശത്രുവിമാനങ്ങൾ പുറപ്പെട്ടതായി റഡാറിൽ കണ്ടാൽ ഈ മിസ്സൈലുകൾ നിലത്തുനിന്ന് ഉയർന്ന് ആകാശത്തിലൂടെ വിമാനങ്ങളെ തേടിച്ചെന്ന് അവയെ തകർക്കും. വിമാനം പറക്കുമ്പോൾ ചൂടുണ്ടാകുമല്ലോ. ഊർജത്തിൻെറ ഏതു് ഉപയോഗവും കുറച്ചെങ്കിലും ചൂട് ഉണ്ടാക്കാതിരിക്കുകയില്ല. ഈ ചൂട് അന്വേഷിച്ചു ചെന്നാണ മിസ്സൈലുകൾ വിമാനങ്ങളെ കണ്ടുപിടിക്കുന്നതു്. അതുകൊണ്ട് അവയുടെ ലക്ഷ്യം പിഴയ്ക്കുകയില്ല. എന്നാൽ, ഇസ്രായേൽക്കാർ ഇത്തവണ ഈ മിസ്സൈലുകളെ, വിഡ്ഢികളാക്കി. ആളുകൾ കയറാത്ത ചെറിയ 'ഡമ്മി' വിമാനങ്ങളെ ഇസ്രായേൽക്കാർ ഈ പ്രദേശത്തേക്കയച്ചു. അങ്ങനെ മിസ്സൈലുകൾ പറന്നുയരാൻ സ്വീകരിക്കുന്ന ആവൃത്തികൾ (ഫ്രീക്വൻസികൾ) അവർ കണ്ടുപിടിച്ചു. റഡാറുകളിലെ പ്രകാശപുഞ്ജങ്ങൾ (ബീമുകൾ) ഉപയോഗിച്ചു മുന്നേറുന്ന സ്വന്തം മിസ്സൈലുകൾ പ്രയോഗിച്ച് റഷ്യൻ മിസ്സൈലുകളെ നിലത്തുവെച്ചു നശിപ്പിക്കുകയും ചെയ്തു. ഒരു റഷ്യൻ മിസ്സൈലും സിറിയക്കാർക്ക് ഉപകരിച്ചില്ല. അവ നിലംവിട്ടു പൊന്തിയില്ല. ആകാശം മുഴുവൻ ഇസ്രായേൽ വിമാനങ്ങളുടെ സ്വൈരവിഹാരത്തിനു കിട്ടുകയും ചെയ്തു. ഇതിൻെറ അർത്ഥം, യുദ്ധത്തിൻെറ സ്വഭാവത്തിൽത്തന്നെ മൗലികമായ ഒരു മാററം വന്നിരിക്കുന്നു എന്നും,

ആയുധങ്ങളോളമോ അവയേക്കാളധികമോ പ്രാധാന്യം യുദ്ധത്തിൽ ഇലക്ട്രോണിക് ഉപകരണങ്ങൾക്കു വന്നുചേർന്നിരിക്കുന്നു എന്നുമാണത്രേ. റഷ്യക്കാർ പുതുതായി രംഗത്തിറക്കിയ ഏതാനും ടാങ്കുകളും സിറിയക്കാരിൽനിന്ന് ഇസ്രായേൽക്കാർ പിടിച്ചെടുത്തിട്ടുണ്ട്. കുറച്ചു മുമ്പു നടന്ന ഫാക്ലാൻഡ് യുദ്ധത്തിലെ പ്രധാന വസ്തുത, ഫ്രഞ്ചുകാർ നിർമിച്ചതും, പടക്കപ്പലുകൾ തകർക്കുന്നതുമായ 'എക്സോസെററ്' എന്ന മിസ്സൈലിന്റെ വിജയമായിരുന്നു. വലിയ പടക്കപ്പലുകൾക്ക് അതോടെ പ്രസക്തിയില്ലാതായി. ലെബനോണിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന യുദ്ധത്തിലെ മുഖ്യവസ്തുത, അമേരിക്കൻ ആയുധങ്ങളുടെ മേന്മയും റഷ്യൻ ആയുധങ്ങളുടെ താഴ്മയുമാണെന്നു പറയുന്നവരുണ്ട്. രണ്ടാം മഹായുദ്ധത്തിനു ശേഷം, ചെറുതും വലുതുമായി നൂററിയിരുപത്തഞ്ചോളം യുദ്ധങ്ങൾ ലോകത്തിൽ നടന്നിട്ടുണ്ട്. തങ്ങൾ പുതുതായി നിർമിക്കുന്ന പലതരം ആയുധങ്ങളുടെ 'ഗുണം' പരീക്ഷിച്ചുനോക്കുവാൻ ഈ യുദ്ധങ്ങളെ മഹാശക്തികൾ ഉപയോഗപ്പെടുത്തിവരുന്നു. ലെബനോൺ യുദ്ധവും ഇങ്ങനെ ഒരവസരം അമേരിക്കയ്ക്കും റഷ്യയ്ക്കും നൽകിയിരിക്കുകയാണ്.

ലെബനോൺ യുദ്ധത്തിൽ സ്പഷ്ടമായ മറെറാരു വസ്തുത, 'അറബി ഐക്യ'മെന്നതു വലിയൊരു മിഥ്യയാണെന്നതത്രേ. അറാഫത്ത് പ്രസ്താവിച്ചതുപോലെ, അറബിരാജ്യങ്ങളിൽനിന്നോ മുസ്ലിംരാജ്യങ്ങളിൽനിന്നോ ഒരു സഹായവും പാലസ്തീൻ വിമോചനമുന്നണിക്കോ സിറിയയ്ക്കോ ലഭിക്കുകയുണ്ടായില്ല. അല്പം സഹായം നൽകാൻ തയ്യാറായതു് ഈറാൻ ആണ്. ഫലപ്രദമായ സൈനികസഹായം നൽകുന്നതിൽ ദൂരം അവർക്കു പ്രതിബന്ധമാവുകയും ചെയ്തു. അറബി രാജ്യങ്ങളുടെ നേതാവായി സ്വയം നടിക്കുന്ന ലിബിയയിലെ ഗദ്ദാഫി പി. എൽ. ഒ. യെ ഉപദേശിച്ചതു് കീഴടങ്ങാതെ ചെറുത്തുനിന്നു മരിയ്ക്കാനാണ്. അങ്ങനെ ആത്മഹത്യ ചെയ്യാൻ തങ്ങൾ തയ്യാറല്ലെന്ന് അറാഫത്ത് ഇതിനു മറുപടി കൊടുത്തു. സമ്പദ്സമൃദ്ധിയും തജ്ജന്യമായ ആയുധസമൃദ്ധിയുമുണ്ടെങ്കിലും പാലസ്തീൻ അഭയാർത്ഥികൾക്കുവേണ്ടി തങ്ങളുടെ സുഖജീവിതം ബലികഴിക്കാൻ അറബിരാജ്യങ്ങൾ തയ്യാറല്ല. ലെബനോണിൽനിന്നു പുറംതള്ളപ്പെട്ടാൽ പാലസ്തീൻ അഭയാർത്ഥികളെ അവർ സ്വീകരിക്കുമെന്നും കരുതേണ്ടതില്ല. പി. എൽ. ഒ. യ്ക്കെതിരെ ഒരു യുദ്ധംതന്നെ ജോർദാൻ നടത്തുകയുണ്ടായി. ഈജിപ്റ്റോ സൗദി അറേബ്യയോ ഗൾഫ് രാജ്യങ്ങളോ പാലസ്തീൻ അഭയാർത്ഥികളെ തങ്ങളുടെ ഭൂപ്രദേശത്തു കുടിയിരുത്താൻ ഒരുക്കമല്ല. സിറിയ മാത്രമാണ് അവരിൽ കുറേപ്പേരെ വെച്ചുപൊറുപ്പിക്കുന്നതു്; അതും മറെറാരു നിവൃത്തിയുമില്ലാത്തതുകൊണ്ടു മാത്രം. പി. എൽ. ഒ. ക്കാർ പൊതുവേ വിപ്ലവകാരികളാണെന്ന ധാരണയാണ് അവരോടു പണക്കാരായ അറബികൾക്കുള്ള അവിശ്വാസത്തിനു കാരണം.

ഇതെഴുതുമ്പോൾ അമേരിക്കൻ കടൽപട ബെയ്റൂട്ട് തുറമുഖത്തിനടുത്തു വന്നെത്തിയിട്ടുണ്ട്. ബെയ്റൂട്ടിൽനിന്ന് ഒഴിച്ചുപോകുന്ന പി. എൽ. ഒ. കാർക്കു സംരക്ഷണം നൽകാനാണത്രേ അവർ വന്നിരിക്കുന്നതു്. അമേരിക്ക ലെബനോണിൽ ഇടപെട്ടാൽ തങ്ങൾക്കും ചില നടപടികളെല്ലാം എടുക്കേണ്ടിവരുമെന്ന് റഷ്യ താക്കീതു നൽകിയിട്ടുണ്ട്. എന്നാലും, ലെബനോൺ യുദ്ധം അമേരിക്കയും റഷ്യയും തമ്മിൽ നേരിട്ടുള്ള ഒരു സംഘട്ടനത്തിന് ഇടവരുത്തുമെന്നു തോന്നുന്നില്ല. മറിച്ചു വിശ്വസിക്കുന്നവരും ഇല്ലായ്കയില്ല. ഇസ്രായേൽ താമസിയാതെ റഷ്യയെ ആക്രമിക്കുമെന്നും, ഇതിന്റെ ഫലം ലോകാവസാനയുദ്ധം (ആർമഗെദ്ദോൻ) ആയിരിക്കുമെന്നും, ആ യുദ്ധത്തിനു ശേഷം ക്രിസ്തുരാജാവിന്റെ വാഴ്ച ലോകത്തിലെങ്ങും ആരംഭിക്കുമെന്നും വിശ്വസിക്കുന്ന ഒരു മതവിഭാഗക്കാർ അമേരിക്കയിലുണ്ടത്രേ.

**9 ജൂലൈ, 1982**